## അടിയന്തരപ്രമേയം

### വീട്ടമ്മയുടെ കൊലപാതകം

മി. സ്പീക്കർ: ഇന്ന് ചോദ്യോത്തരവേളയിലെ രണ്ടാമത്തെ ചോദ്യം സ്ത്രീകൾക്കു നേരെയുള്ള അതിക്രമത്തെക്കുറിച്ചുള്ളതായിരുന്നു. വളരെ വിശദമായ ചോദ്യങ്ങളും അതിന് മറുപടി വരികയും ചെയ്തു. മീഞ്ചന്തയിൽ നടന്ന മരണവുമായി ബന്ധപ്പെട്ടാണ് അടിയന്തരപ്രമേയം ഫോക്കസ് ചെയ്തിരിക്കുന്നത്. ഞാനിത് പറയാൻ കാരണം, നിയമസഭയിൽ ഇന്ന് ചോദ്യോത്തരവേളയിലൂടെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ വീണ്ടും അവതരിപ്പിക്കേണ്ട കാര്യമില്ല. എങ്കിലും അടിയന്തരപ്രമേയം അനുവദിക്കുന്നു.

കോഴിക്കോട് മീഞ്ചന്ത ചിറക്കൽലൈനിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന സുന്ദരി എന്ന വീട്ടമ്മയെ ശനിയാഴ്ച രാത്രി വെട്ടിക്കൊലപ്പെടുത്തി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ഏത് നിമിഷവും ആക്രമിക്കപ്പെടുമെന്ന നിലയിൽ സ്ത്രീകളാകെ അരക്ഷിതാവസ്ഥയിലാകുകയും ചെയ്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. കെ. ലതിക, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീമതി ജമീലാ പ്രകാശം, സർവ്വശ്രീ കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കോഴിക്കോട് പന്നിയങ്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വട്ടക്കിണർ എന്ന സ്ഥലത്ത് ചിറക്കൽ ഹൗസ് ലൈനിൽ താമസിച്ചിരുന്ന 69 വയസ്സുള്ള സുന്ദരിയമ്മ എന്ന വൃദ്ധയെ 21.07.2012-ന് വെളുപ്പിന് 1.30 മണിയോടെ ആരോ വീട്ടിൽക്കയറി വെട്ടിപ്പരിക്കേൽപ്പിക്കുകയും ഗുരുതരമായി പരിക്കേറ്റ സുന്ദരിയമ്മ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ വെളുപ്പിന് 4.15-ന് മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 457, 394, 302 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 257/2012 ആയി പന്നിയങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചിറക്കൽലൈനിലെ വീട്ടിൽ സുന്ദരിയമ്മ ഒറ്റയ്ക്കായിരുന്നു താമസം. ഇഡ്ഢലിയും മറ്റും ഉണ്ടാക്കി ചായക്കടയിൽ വിതരണം ചെയ്താണ് അവർ ഉപജീവനം നടത്തിയിരുന്നത്. മോഷണശ്രമത്തിനിടെയാണ് സുന്ദരിയമ്മയെ വെട്ടിപ്പരിക്കേൽപ്പിച്ചതെന്ന് സംശയിക്കുന്നു. സംഭവത്തിനുശേഷം സുന്ദരിയമ്മയുടെ മുറിയിൽ നിന്ന് ഒരാൾ ഓടിപ്പോകുന്നത് കണ്ടവരുണ്ട്. കൃത്യസ്ഥലത്ത് നിന്ന് അക്രമിയുടേതെന്ന് കരുതപ്പെടുന്ന ഒരു ജോടി ചെരുപ്പും മുള കൊണ്ട് നിർമ്മിച്ച ഒരു ഏണിയും കണ്ടെടുത്തിട്ടുണ്ട്. വിലപ്പെട്ട വസ്തുക്കളൊന്നും നഷ്ടപ്പെട്ടതായി പ്രാഥമികമായി വിവരം ലഭിച്ചിട്ടില്ല. സംഭവസ്ഥലം കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറും മറ്റു ഉന്നതോദ്യോഗസ്ഥരും സന്ദർശിച്ചിട്ടുണ്ട്. ഫിംഗർ പ്രിന്റ് ബ്യൂറോ, സയന്റിഫിക് എക്സ്പെർട്ട്, ഡോഗ് സ്ക്വാഡ് എന്നിവരും സംഭവസ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. വീടിന്റെ ഓട് പൊളിച്ചിറങ്ങിയാണ് പ്രതി കൃത്യം നിർവ്വഹിച്ചതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ അറിയാൻ സാധിച്ചത്.

ശ്രീമതി കെ. കെ. ലതിക : സർ, അങ്ങ് പറഞ്ഞതുപോലെ നേരത്തെ ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അല്ലാതെ

തന്നെ ധാരാളം കാര്യങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കാനുണ്ട്.

മി. സ്പീക്കർ : അടിയന്തരപ്രമേയത്തിലെ വിഷയം സുന്ദരി എന്ന വീട്ടമ്മയെ കൊലപ്പെടുത്തിയത് സംബന്ധിച്ചാണ്. അടിയന്തരപ്രമേയം ഏതെങ്കിലും ഒരു വിഷയത്തെ ഫോക്കസ് ചെയ്തായിരിക്കണം. അതുകൊണ്ട് അതിനെക്കുറിച്ച് പറയണം.

ശ്രീമതി കെ. കെ. ലതിക: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വലിയ രൂപത്തിൽ വർദ്ധിച്ചുവന്നിരിക്കുകയാണ്. കോഴിക്കോട് മീഞ്ചന്ത വട്ടക്കിണറിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന 69 കാരിയായ സുന്ദരി എന്ന സ്ത്രീയെ 21 തവണ വെട്ടിയാണ് മോഷ്ടാക്കൾ കൊലപ്പെടുത്തിയതെന്നാണ് പത്രങ്ങളിൽ വന്നിട്ടുള്ള വാർത്ത. ഇതിൽ ഏറ്റവും ഭീകരമായ കാര്യമെന്നു പറയുന്നത്, തൊട്ടുമുമ്പിലത്തെ ആഴ്ചയിൽ ഇതേ രീതിയിൽ ഈ സ്ത്രീയുടെ വീട്ടിൽ മോഷണ ശ്രമം നടക്കുകയും ആ മോഷണശ്രമം പോലീസിൽ പരാതിപ്പെട്ടിട്ടും, പോലീസ് ഗൗരവമായി കാണാതിരുന്നതിന്റെ ഫലമായാണ് ഒറ്റയ്ക്ക് കഴിഞ്ഞിരുന്ന ഇവർ കൊല ചെയ്യപ്പെടുന്ന സാഹചര്യമുണ്ടായിട്ടുള്ളത്. ഇത് കേരളത്തിൽ ആദ്യസംഭവമല്ല. കേരളത്തിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ഇത്തരത്തിൽ ഒറ്റയ്ക്ക് താമസിക്കുന്ന ആളുകൾക്ക് ഇതുപോലെ ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് പത്രങ്ങൾ വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ സഭാസമ്മേളനം ആരംഭിച്ചശേഷം ആറുമാസത്തിനുള്ളിൽ 6665 സ്ത്രീകൾ അക്രമിക്കപ്പെട്ടു എന്ന് ആഭ്യന്തര വകുപ്പുമന്ത്രി തന്നിട്ടുള്ള ഒരു മറുപടിയിൽ പറയുന്നുണ്ട്. അതുപോലെ, നമ്മുടെ റെയിൽവേ എല്ലാവർക്കും ശുഭയാത്രയാണ് നേരുന്നത്. നിയമസഭ തുടങ്ങിക്കഴിഞ്ഞാൽ ഞങ്ങളൊക്കെ എല്ലാ ആഴ്ചകളിലും നാട്ടിലേയക്കൊക്കെ പോകുമ്പോൾ ട്രെയിനിലാണ് സഞ്ചരിക്കുന്നത്. റെയിൽവേ സ്റ്റേഷനിൽ കാലെടുത്തു കുത്തുമ്പോൾ ശുഭയാ

ത്രയല്ല, പകരം വേവലാതിയോടുകൂടിയാണ് ഞങ്ങൾ ട്രെയിനിലേയ്ക്ക് കയറുന്നത്. കെ.ജി.എൻ.എ.-യുടെ കണ്ണൂർ ജില്ലാഭാരവാഹിയായിരുന്ന, ഇപ്പോൾ ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ വർക്ക് ചെയ്യുന്ന ഡെയ്സി മലബാർ എക്സ്പ്രസ്സിൽ വച്ച് 19-ാം തീയതി ഭീകരമായ രൂപത്തിൽ ആക്ര മിക്കപ്പെടുകയുണ്ടായി. അക്രമം നടന്നിട്ട് യഥാർത്ഥത്തിൽ പോലീസും ടി. ടി.ഇ.-യും പരാതി സ്വീകരിച്ചില്ല. ആക്രമിച്ചയാളെ ഡെയ്സിയും സഹയാത്രികരും ചേർന്ന് പോലീസിൽ ഏൽപ്പിച്ചിട്ടും പരാതിയൊന്നും തരേണ്ട, അയാൾ മനോരോഗിയാണെന്നുപറഞ്ഞ് വിടുകയാണ് ചെയ്തത്. ഡെയ്സിയും യാത്രക്കാരും അതിശക്തമായി പ്രതിഷേധിച്ചതിനുശേഷം മാത്രമാണ് അക്രമിയെ അറസ്റ്റ് ചെയ്യാനും നടപടിയെടുക്കാനും തീരു മാനിച്ചത്. ഇവിടെ ആരുടെയടുത്താണ് പരാതി പറയാൻ പോകേണ്ടത്? പരാതി പറയേണ്ടത് പോലീസിനോടല്ലേ? ഭാരതപ്പുഴയിൽ ബലിതർപ്പണം കഴിഞ്ഞ് വന്ന ഒരു സ്ത്രീയെ സുബ്രഹ്മണ്യൻ എന്ന ഒരു സി.ഐ. ആണ് ആക്രമിച്ചത്. അയാളെ സസ്പെന്റ് ചെയ്തുവെന്ന് ഇവിടെ പറയുകയു ണ്ടായി. സസ്പെന്റ് ചെയ്തതല്ല പ്രശ്നം, അയാൾക്കെതിരെ എടുത്ത കേസ്സെന്താണ്? അയാളെ ജാമ്യത്തിൽ വിട്ടുവെന്നാണ് പത്രങ്ങളിൽ കണ്ടത്; അത് ശരിയാണോ എന്ന് എനിക്കറിയില്ല. ശരിയല്ലെങ്കിൽ ആഭ്യ ന്തര വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി. ഒരു പീഡനമു ണ്ടായാൽ, പോലീസ് സ്റ്റേഷനിൽ വച്ച് ജാമ്യം കൊടുക്കാൻ കഴിയുന്ന വകുപ്പ് മാത്രമാണോ ചാർജ്ജ് ചെയ്തത്? വേലി തന്നെ വിളവ് തിന്നുകഴി ഞ്ഞാൽ ഇങ്ങനെ ചെയ്യാമെന്നുള്ളതാണോ? എന്റെ നാട്ടിലെ ജില്ലാ പഞ്ചാ യത്ത് മെമ്പറായ അനിത എന്ന സ്ത്രീ യാത്ര ചെയ്യുമ്പോൾ യൂണിഫോ മിട്ട ഒരു പോലീസുകാരൻ അവരെ അപമാനിക്കുന്ന രൂപത്തിൽ സംസാരി ക്കുകയും ബസ്സിൽ കയറി മോശമായി പെരുമാറുകയും പിന്നീട് പേരു മാറ്റിപ്പറഞ്ഞ് സ്വന്തം ഫോൺ നമ്പർ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിക്കാൻ വളരെ ധൈര്യസമേതം അനിതയ്ക്ക് കൊടുക്കുകയുമാണ് ചെയ്തത്. രാധാകൃഷ്ണ പിള്ളയ്ക്ക് ചെയ്ത ഗുണത്തിന്റെ ഭാഗമായിട്ടാ

യിരിക്കും. ഇപ്പോൾ പോലീസിന് എന്തുംചെയ്യാമെന്നുള്ള ഒരു സ്ഥിതിവിശേഷം കേരളത്തിൽ വളർന്നുവരികയാണ്. ഇതുപോലെയാണ്, മകളെ ശല്യം ചെയ്തതിനെ ചോദ്യം ചെയ്ത വിജയലക്ഷ്മി എന്ന വീട്ടമ്മയെ അയൽക്കാരനായ ബ്രില്ല്യന്റ് എന്നയാൾ അവരെ കുത്തിക്കൊല്ലുകയാണ് ചെയ്തത്. നേരത്തെ മകളെ നിരന്തരമായി ശല്യം ചെയ്യുന്നുവെന്ന് പോലീസിൽ പരാതിപ്പെട്ടപ്പോൾ പോലീസ് ഈ പരാതിയെ അവഗണിച്ചതിന്റെ ഭാഗമായിട്ടാണ്, സ്വന്തം മകളെ അപമാനിക്കുന്നതിനെ എതിർത്ത വിജയലക്ഷ്മിക്ക് സ്വന്തം ജീവൻ കൊടുക്കേണ്ട അവസ്ഥ ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ കേരളത്തിൽ വലിയ രൂപത്തിൽ സ്ത്രീകൾ ആക്രമിക്കപ്പെടുകയാണ്. റെജിമോൾ എന്ന പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവ് പീഡിപ്പിച്ചു എന്ന സംഭവം ഇവിടെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈംഗികമായ പീഡനമല്ലെങ്കിലും സമരത്തിൽ പങ്കെടുക്കുന്ന പെൺകുട്ടികളെ പോലീസ് അതിഭീകരമായി മർദ്ദിക്കുന്ന സ്ഥിതിയും നമ്മൾ കാണുകയാണ്. സത്യ എന്നു പറയുന്ന ഒരു കുട്ടിയെ മാതാപിതാക്കൾ വിറ്റ സംഭവം വരെ ഉണ്ടായിരിക്കുകയാണ്. കറുത്ത പെൺകുട്ടിക്ക് 5000 രൂപ, വെളുത്ത ആൺകുട്ടിക്ക് 1 ലക്ഷം, 2 ലക്ഷം രൂപ, ഇങ്ങനെ കേരളത്തിലെ ജീവിതം ഏറ്റവും ദുഃസ്സഹമാക്കുന്ന രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷനിലും ട്രെയിനിലും ബസ്സുകളിലുംപോലും ഇന്ന് രക്ഷയില്ല, ഇടവഴിയിലൂടെ നടക്കാമെന്ന് വിചാരിച്ചാൽ നമ്മൾ കണ്ടതാണ്, ലിജി എന്ന പെൺകുട്ടിയെ മോട്ടോർ സൈക്കിളിടിച്ചു കൊന്ന സംഭവം. ഇതെന്തൊരു നാടാണ്? സൗമ്യയുടെ കൊലപാതകത്തിൽ ഈ നാട് ശക്തമായി പ്രതികരിച്ചപ്പോൾ ഇതെല്ലാം നിൽക്കുമെന്നാണ് കരുതിയത്. ഇപ്പോൾ ഡെയ്സിയിലെത്തുമ്പോൾ ഏത് ഉന്നതനായ നേതാവിനേയും എവിടെവച്ചും ആക്രമിക്കാമെന്നുള്ള രൂപത്തിലേയ്ക്ക്, നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് ഇറങ്ങി നടക്കാൻ കഴിയാത്ത രൂപത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇവിടെ ആദിവാസികളെ വരെ പീഢിപ്പിക്കുകയാണ്. സ്ത്രീകളെ

വീട്ടിലും ട്രെയിനിലും പീഡിപ്പിക്കുന്നു. ഈ രൂപത്തിലുള്ള സംഭവവികാസങ്ങളാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നത്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് മികച്ച ക്രമസമാധാനപാലനത്തിന് നമുക്ക് ദേശീയ പുരസ്ക്കാരം ലഭിച്ചിരുന്നു. ഇന്ന് നമുക്ക് എന്ത് പുരസ്ക്കാരമാണ് ലഭിക്കുക; ദൈവത്തിന്റെ സ്വന്തം നാട്ടിൽ ചെകുത്താന്റെ സ്വന്തം നാടിനുള്ള ഒരു പുരസ്ക്കാരമാണോ ലഭിക്കാൻ പോകുന്നത്? ഈ നാട്ടിൽ സ്ത്രീകൾക്ക് രക്ഷയില്ലാത്ത അവസ്ഥയാണ്. നമ്മൾ പുതിയ നിയമങ്ങളുണ്ടാക്കാൻ പോകുന്നു. നിയമമുണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമില്ല. നിയമമുണ്ടാക്കുന്നതിനെ ഞങ്ങൾ അങ്ങേയറ്റം അനുകൂലിക്കുന്നു; അതിനുവേണ്ട എല്ലാ പിന്തുണയും നൽകുമ്പോൾത്തന്നെ നിയമമുള്ളതുകൊണ്ടുമാത്രം കാര്യമില്ല എന്നതാണ് പ്രസക്തം. നിയമപാലകർ നിയമം സംരക്ഷിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. അതുപോലെ നിയമം സംരക്ഷിക്കാനാവശ്യമായ രൂപത്തിലുള്ള ഭരണകർത്താക്കൾ, ഭരണകർത്താക്കൾക്ക് ഒരു പൗരയെന്ന നിലയ്ക്കുള്ള സ്വാതന്ത്ര്യം ഈ നാട്ടിലെ സ്ത്രീക്കുണ്ടെന്നുള്ള ബോധമുണ്ടായാൽ മാത്രമേ സ്ത്രീകൾക്ക് ജീവിക്കാനുള്ള അവസ്ഥയുണ്ടാവുകയുള്ളൂ. ഇവിടെ സുന്ദരി എന്ന സ്ത്രീയുടെ മാത്രം പ്രശ്നമല്ല. ഈ സമൂഹത്തിൽ ഒറ്റയ്ക്ക് ജീവിക്കുന്ന ഒരുപാട് സ്ത്രീകളുണ്ട്. ആ സ്ത്രീകൾക്ക് ധൈര്യസമ്മേതം ജീവിക്കാൻ അല്ലെങ്കിൽ തന്റെ ജീവൻ നാളെ രാവിലെവരെ ഉണ്ടാകും, അല്ലെങ്കിൽ ഒറ്റയ്ക്ക് കഴിയുന്ന എന്റെ അമ്മ അവിടെ ഉണ്ടാകുമെന്ന് കരുതി ഒരു കുടുംബത്തിനും ധൈര്യത്തോടെ ജീവിക്കാൻ കഴിയുന്ന അവസ്ഥയല്ല ഇവിടെയുള്ളത്. ദേശീയ തലത്തിൽ ഏറ്റവും ഉയർന്ന രൂപത്തിൽ പല കാര്യത്തിലും കേരളം മുന്നിൽ നിൽക്കുന്നു. 14,400-ൽ അധികം വരുന്ന സ്ത്രീപീഡന കേസുകളും 423 ബലാൽസംഗ കേസുകളും 2000-ത്തോളം കുട്ടികളെ പീഡിപ്പിച്ച കേസ്സുകളും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പീഡന കേസുകൾവച്ച് കേരളം

നല്ല രൂപത്തിലുള്ള ആഭ്യന്തര സുരക്ഷിതമായ അവസ്ഥയിലാണ് മുന്നോട്ടുപോകുന്നതെന്ന് നമുക്ക് പറയാൻ കഴിയുമോ; കേരളത്തിന്റെ ക്രമസമാധാനം നല്ല രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് നമുക്ക് പറയാൻ കഴിയുമോ? കേരളത്തിൽ സ്ത്രീകൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നമ്മുടെ നാടിന്റെ ജനസംഖ്യയുടെ പകുതിയോളം സ്ത്രീകളാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വോട്ടവകാശത്തിന്റെ കാര്യത്തിലും പകുതിയിലധികം വരുന്നതും സ്ത്രീകളാണ്. സ്ത്രീകളുടെ പ്രശ്നം വളരെ ഗൗരവമായി എടുത്തുകൊണ്ട്, സഭ നിറുത്തിവച്ച് ചർച്ച ചെയ്ത് പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകണം. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും അല്ലെങ്കിൽ നിയമസഭയുടെ എല്ലാ പ്രതിനിധികളുടേയും അഭിപ്രായം അനുസരിച്ച് കേരളത്തെ ദൈവത്തിന്റെ നാട് എന്ന പേരിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനാവശ്യമായ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ എഴുതിത്തന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ പറഞ്ഞു. ...(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 50-നകത്ത് recent occurance-ൽപ്പെട്ടതും അതോടൊപ്പം single incident- ഉം ആയിട്ടുള്ള രണ്ട് കാര്യങ്ങളൾക്കാണ് റൂൾ ബുക്ക് അനുസരിച്ച് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനായിട്ടുള്ളത്. പക്ഷേ അതിനപ്പുറത്തുള്ള കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ പറയുന്ന മറുപടിയിലും അങ്ങ് എന്നോട് ദാക്ഷിണ്യം കാണിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. ഇവിടെ കേസുകളുടെ കണക്കുകൾ നോക്കിയാൽ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ, 304 വകുപ്പനുസരിച്ചാണ് ഏറ്റവും പ്രധാനപ്പെട്ട അതിക്രമമായി വരാൻ

possibility ഉള്ളത്. 39 കേസ്സുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യത്തെ ഒരു വർഷമുണ്ടായി. ഈ ഗവൺമെന്റിന്റെ ആദ്യത്തെ ഒരു വർഷം 31 കേസ്സുകളാണ് വന്നിട്ടുള്ളത്. എണ്ണം താഴോട്ടാണ് വന്നത്. ഇവിടെ സ്ത്രീകളുടെ മാന്യതയെ ലംഘിക്കുന്നത് സംബന്ധിച്ച് 2831 കേസുക ളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യത്തെ വർഷമുണ്ടായത്. ആയിര ത്തോളം കേസ്സുകളുടെ വർദ്ധനവ് അഞ്ച് വർഷത്തിനുശേഷം ആദ്യത്തെ ഒരു വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ insulting of modesty സംബന്ധിച്ചും 268 കേസ്സുകളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യത്തെ ഒരു വർഷമുണ്ടായത്. അതിൽ അഞ്ചുവർഷം കൊണ്ട് 252 കേസ്സു കളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇങ്ങനെ ഓരോന്നും പരിശോധിക്കുമ്പോൾ കേസ്സുകളുടെ വർദ്ധനവ് നേരത്തെ സൂചിപ്പിച്ചതുപോലെ ക്രമാതീതിത മായി വർദ്ധിച്ചുവെന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. രണ്ടാ മത്തെ പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, 2011-ന് മുമ്പുണ്ടായ 436 കേസ്സുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതും ഈ ഗവൺമെന്റിന്റെ അക്കൗണ്ടിലാണ് വരുന്നത്. പക്ഷേ സംഭവമുണ്ടാകുന്നത് 2011-ന് മുമ്പാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെന്ന ആക്ഷേപം എനിക്കില്ല. അതിനുമുമ്പുണ്ടായതും ഉണ്ടാകാം. പക്ഷേ രജിസ്റ്റർ ചെയ്തത് 2011-ലാണ് എന്നുള്ളതുകൊണ്ട് ഈ ഗ വൺമെന്റിന്റെ അക്കൗണ്ടിൽ കെട്ടിവയ്ക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുക യാണ്. 2012-ൽ ഞങ്ങൾ രജിസ്റ്റർ ചെയ്തത്, എട്ടും പത്തും കൊല്ലത്തിന് മുമ്പ് നടന്നിട്ടുള്ള 93 കേസ്സുകൾ ഉൾപ്പെടെ ഈ ഗവൺമെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്തതാണ്. ഒരു ഗവൺമെന്റ് കേസ് രജിസ്റ്റർ ചെയ്യു ന്നത് തെറ്റാണോ; ഒരു പരിഷ്കൃത സമൂഹത്തിൽ നമുക്ക് അതല്ലേ ചെയ്യാൻ കഴിയൂ. വൃദ്ധയായ ഒരു സ്ത്രീക്കെതിരെ നടന്ന അതിക്രമമാണ് ഇപ്പോഴത്തെ കേസ്. വൃദ്ധരായ സ്ത്രീകൾക്കെതിരെ 2010-ൽ 20 കേസ്സു

കളുണ്ടായിട്ടുണ്ട്. 2011-ൽ 11 കേസ്സുകളും 2012 ജൂൺ മാസം വരെ 7 കേസ്സുകളുമാണ്. ഈ 7 കേസ്സുകൾ നിസ്സാരമാണെന്ന് ഞാൻ പറയുന്നില്ല. ഒരു comparitive study എടുക്കുമ്പോൾ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പറഞ്ഞു. പറഞ്ഞ കണക്കുകളെല്ലാം ഞാൻ പരിശോധിക്കുകയാണ്. ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകളെല്ലാം നമ്മൾ പരിശോധിക്കേണ്ടതാണ്. 2011-ൽ 16 കേസ്സുകളാണ് അദ്ധ്യാപകരുടെ ഭാഗത്തുനിന്നുള്ള അതിക്രമമായി വരുന്നത്. 2012-ൽ ആതോത് കുറവാണ്. അത് അവർക്കുണ്ടായ പരിഷ്കൃതമായ സമീപനം കൊണ്ടായിരിക്കാം. ഞാൻ അതൊന്നും പറയുന്നില്ല. നേരത്തെ പറഞ്ഞതുപോലെ ട്രെയിനിൽ വച്ചുണ്ടായ മൂന്നു-നാല് സംഭവങ്ങളെക്കുറിച്ച് പറഞ്ഞു. സൗമ്യ വധക്കേസിലെ പ്രതിയെ ശിക്ഷിച്ചുകഴിഞ്ഞു. വടക്കാഞ്ചേരി കേസ്സിലെ പ്രതിയെ സസ്പെന്റ് ചെയ്യാനേ കഴിയുകയുള്ളൂ. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഒരു പോലീസുദ്യോഗസ്ഥൻ തെറ്റുചെയ്താൽ അയാൾക്ക് പോലീസെന്ന പേരിൽ സംരക്ഷണം കൊടുക്കുകയില്ല; അത് സാധ്യവുമല്ല. ബസ്സിൽ വച്ചുണ്ടായ കേസ്സിലെ സി.ഐ-യെ ഞങ്ങൾ immediate-ആയി സസ്പെന്റ് ചെയ്തു. രണ്ട് മണിക്കൂറേ എടുത്തുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് നിങ്ങൾക്ക് സസ്പെന്റ് ചെയ്യാൻ പറ്റുമെങ്കിൽ സസ്പെന്റ് ചെയ്യൂ, എന്നിട്ട് നടപടി മതിയെന്നാണ്. അദ്ദേഹം പറഞ്ഞത് ഞങ്ങൾ നേരത്തേ അംഗീകരിച്ചിരുന്നു. ഞങ്ങൾ സസ്പെന്റ് ചെയ്യുകയും ചെയ്തു. ജാമ്യം കൊടുക്കുന്നത് കോടതിയാണ്. കോടതിക്ക് മുമ്പിൽ non bailable offence ആണ്. അത് bailable offence ആണെങ്കിൽ പോലീസിന് ജാമ്യം കൊടുക്കാം. ഞാൻ പറഞ്ഞോട്ടേ... (ബഹളം)..... കോടതിയിൽ ജാമ്യത്തെ oppose ചെയ്യുകയല്ലേ ഗവൺമെന്റിന് ചെയ്യാൻ കഴിയൂ. ഗവൺമെന്റ് oppose ചെയ്തു. ജാമ്യം നീതിന്യായ കോടതിയുടെ discreation ആണ്.

അങ്ങേയ്ക്ക് അത് ബോധ്യപ്പെടുമല്ലോ. രണ്ടാമത്, ശ്രീമതി ഡെയ്സിയുടെ സംഭവത്തെക്കുറിച്ച് പറഞ്ഞു, അതിനകത്ത് ആർ.പി.എഫ് ആണ്. ആർ. പി.എഫും കേരളാ പോലീസും രണ്ടും രണ്ടാണെന്നുള്ളത് മനസ്സിലാക്കാതെ പോയെങ്കിൽ ഞാൻ അത് കണ്ടില്ലായെന്ന് നടിച്ചേയ്ക്കാം. പക്ഷേ അത് ആർ.പി.എഫ് ആണ്, കേരളാ പോലീസിന്റെ പേരിൽ അത് കെട്ടിവയ്ക്കരുത്. എന്നിട്ടും കേരളാ പോലീസ് കേസ്സെടുത്തു; ആർ.പി.എഫ് -കാരെ സസ്പെന്റ് ചെയ്യണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവർ നടപടിയും എടുത്തിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പറായ, ശ്രീമതി അനിതയുടെ കേസിനെക്കുറിച്ച് പറഞ്ഞു. ഞാനാണ് പ്രതിയെ സസ്പെന്റ് ചെയ്യണമെന്നുള്ള നിർദ്ദേശം കൊടുത്തത്. ആളിനെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ഒരു ഗവൺമെന്റിന് ചെയ്യാൻ പറ്റുന്നത് എന്താണ്? കുറ്റകൃത്യങ്ങൾ നിരോധിച്ചുവെന്ന് സംസ്ഥാനത്ത് ബോർഡ് വച്ചാൽ, നോട്ടിഫിക്കേഷൻ ഇറക്കിയാൽ കുറ്റകൃത്യം നിൽക്കുമോ? ഗവൺമെന്റിന് ചെയ്യാൻ പറ്റുന്നത് കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന ആളിനോട് നിർദാക്ഷിണ്യമായ പെരുമാറ്റം, അതാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ മുഖം നോക്കില്ല. മുഖം നോക്കാത്ത രൂപത്തിൽ അവർ ചെയ്യുന്ന തെറ്റിന്റെ സാന്ദ്രതയ്ക്കനുസൃതമായി ഗവൺമെന്റ് കറസ്പോണ്ടിംഗായിട്ടുള്ള നിയമനടപടി എടുക്കുകയാണ്. ആ നിയമനടപടികൾ ഈ രൂപത്തിൽ കൊണ്ടുപോവുകയാണ്. മാതാപിതാക്കൾ കുഞ്ഞിനെ വിറ്റുഎന്ന ആക്ഷേപം പറഞ്ഞു. **** ****[1] ചെയ്തത് തെറ്റാണ്; ഒരിക്കലും അത് അംഗീകരിക്കാൻ കഴിയില്ല. പക്ഷേ ...(ബഹളം)..... ഗവൺമെന്റ് ആ കാര്യത്തിൽ നടപടി എടുക്കും. ഗവൺമെന്റെ ചെയ്യേണ്ടത് ആ കാര്യത്തിൽ നടപടി എടുക്കുക എന്നുള്ളതാണ്. നടപടി എടുക്കുമ്പോൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ഇവർക്കനുകൂലമായി വാദിക്കുന്നതുപോലെ വരും. അങ്ങനെ ചെയ്യാൻ പാടില്ലാത്തതുകൊണ്ട് ഗവൺമെന്റ് അവർക്കെതിരായി നടപടി എടുക്കും.

---

[1] പിൻവലിച്ചു.

ശ്രീമതി ഇ. എസ്. ബിജിമോൾ എന്നോട് ഒരു കേസ് കൊണ്ടുവരികയും immediate ആയി ഗവൺമെന്റ് ആക്റ്റ് ചെയ്യുകയുമുണ്ടായി. അതാണ് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. ശ്രീമതി ബിജിമോൾ എന്നെ അഭിന ന്ദിച്ചിട്ടാണ് പോയത്. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് ശക്ത മായ നടപടി എടുക്കുകയെന്നുള്ളതാണ്. അതുകൊണ്ട് ഒരു വിട്ടുവീ ഴ്ചയും ഇക്കാര്യത്തിൽ ഇല്ല. പ്രമാദമായ കേസ്സുകളിൽപ്പോലും നാലും അഞ്ചും ദിവസം കഴിഞ്ഞേ അറസ്റ്റ് നടന്നിട്ടുള്ളൂ. ഞാൻ കേസ്സൊന്നും പറ യുന്നില്ല. അതുകൊണ്ട് ചെറിയ സാവകാശം ഉണ്ടായാലും കുറ്റക്കാരായ ആളുകളെ പിടിക്കും, ഞങ്ങൾ കേസ്സെടുത്തിട്ടുണ്ട്, അന്വേഷണം നടത്തുന്നുമുണ്ട്. പ്രമാദമായ കേസ്സിൽപ്പോലും പത്തുദിവസം വരെ കഴിഞ്ഞാണ് ഞങ്ങൾക്ക് യഥാർത്ഥ പ്രതികളെ കിട്ടിയത്. അതുകൊണ്ട് ഈ കേസ്സിലും പ്രതികളെ കിട്ടുമെന്ന വിശ്വാസത്തോടുകൂടി പോകുകയാണ്. ശക്തമായ നടപടി എടുക്കും. പ്രതിപക്ഷം കൂടി ദയവായി സഹകരിക്കണം. നമ്മുടെ സമൂഹത്തിനെതിരായ ഒരു അക്രമമാണ് നടക്കുന്നത്. വനിതകളുടെ മാന ്യത നമുക്ക് സംരക്ഷിക്കേണ്ടതാണ്; അതിന് പ്രതിപക്ഷംകൂടി ഈ നടപടി യോട് യോജിച്ച്, ഈ തെറ്റുകൾക്കെതിരെ ഒരുമിച്ച് പ്രതികരിക്കാം. ഇത് കേരള ജനസമൂഹത്തിന്റെ ആവശ്യമാണ്. അതിനോട് യോജിക്കണം. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യ മില്ല.

ശ്രീമതി കെ. കെ. ലതിക: ഗവൺമെന്റിനോട് ചോദിച്ചിട്ടാണോ *****[2] ശരിയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞതിൽ എന്തെ ങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ഞാൻ പിൻവലിച്ചു.

---

[2] പിൻവലിച്ചു.

<u>മി. സ്പീക്കർ</u>: യെസ്........(ബഹളം)........സംസാരത്തിനിടയിൽ വന്നുപോയത് പിൻവലിച്ചു എന്ന് മന്ത്രി പറഞ്ഞില്ലേ? മറുപടിയ്ക്കിടയിൽ വന്നുപോയതാണ്, അദ്ദേഹം അത് പിൻവലിക്കുകയും ചെയ്തു. അത് ക്ലോസ് ചെയ്തു. യെസ്......(ബഹളം)........ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. എ.കെ. ബാലൻ: സർ, സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സഭയുടെ മുമ്പിൽ ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചത്. അതിന് വളരെ ലാഘവത്തോടുകൂടിയുള്ള മറുപടിയാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ ഭാഗത്തുനിന്ന് വന്നത്. കേരളത്തിന്റെ ചരിത്രത്തിൽ കാണാത്ത തരത്തിലുള്ള സ്ത്രീപീഡനക്കേസുകളും കുട്ടികൾക്കെതിരായിട്ടുള്ള ആക്രമണങ്ങളുമാണ് ഇവിടെ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി എന്തു പറഞ്ഞാലും അദ്ദേഹം നൽകിയിട്ടുള്ള മറുപടിയിൽ വളരെ വ്യക്തമായി പറയുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ കാണാത്ത രൂപത്തിലുള്ള കുറ്റകൃത്യങ്ങളാണ് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി കാണുന്നത എന്നാണ്. ഒരു വർഷത്തിനുള്ളിൽ 14,445 സ്ത്രീപീഡന കേസുകൾ മാത്രമാണ് നടന്നത്. മൊത്തം കേസ്സുകളല്ല. ഇതിൽ 1132 എണ്ണം ബലാൽസംഗ കേസുകളും 423 എണ്ണം കുട്ടികൾ മാനഭംഗത്തിനിരയായ കേസുകളും 1671 കേസുകൾ കുട്ടികൾക്കെതിരെയുള്ള ആക്രമണക്കേസുകളുമാണ്. അതിൽ കിഡ്നാപ്പിംഗ് 221 എണ്ണമാണ്. ഇത് 18/06/2012-ന് അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 1763-നും ഇന്ന് സഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ പറയുന്ന കാര്യങ്ങളുമാണ്. അല്ലാതെ ഇത് ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള കേസുകളല്ല. ക്രമസമാധാനപാലനത്തിൽ ഒന്നാം സ്ഥാനം നേടി ഒട്ടേറെ അംഗീകാരങ്ങൾ വാങ്ങിയ കേരളം ഇന്ന് ഇന്ത്യാരാജ്യത്ത് ഏറ്റവും കൂടുതൽ ക്രിമിനലുകളള്ള സംസ്ഥാനമായി മാറിയിരിക്കുന്നു എന്നുള്ളതാണ് സത്യം. അത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അംഗീകരിക്കണം. ഇത് പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതിന്റെ ഫലമായിട്ടാണ്. കേന്ദ്രമന്ത്രി മുതൽ യൂത്ത് കോൺഗ്രസ്സുകാർ വരെ പോലീസിൽ രാഷ്ട്രീയസമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായാണ് കേസുകളെല്ലാം അട്ടിമറിക്കപ്പെടുന്നതും കളളക്കേസുകൾ ഉണ്ടാക്കുന്നതും. ഞാൻ ഒരു കാര്യം പറയാം, മൂന്നുദിവസം മുമ്പ് ഒരു നഴ്സിംഗ് സൂപ്രണ്ട് ട്രെയിനിൽ വച്ച് അപമാനിക്കപ്പെടുകയും അവർ പരാതി

കൊടുക്കുകയും ചെയ്തു. പ്രതിയെ പോലീസ് പിടിക്കുന്നു; പോലീസ് സ്റ്റേഷനിൽ വച്ച് പ്രതിയെ വിട്ടയയ്ക്കുന്നു. ഇത് എന്തടിസ്ഥാനത്തിലാണ്? ........(ബഹളം)......റെയിൽവേയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ക്രമസമാധാനം റെയിൽവേ പോലീസിനല്ല. കേരള പോലീസിനാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് തെറ്റിദ്ധരിച്ചുപറയുകയാണ്. ഇത് റെയിൽവേ പോലീസ് അല്ല. റെയിൽവേ പോലീസ് ആണെങ്കിൽ കേരളാപോലീസിന്റെ ഭാഗമാണ്. ആർ.പി.എഫ്.-ന്റെ കയ്യിലാണ് കുറ്റവാളിയെ നാട്ടുകാർ പിടിച്ചുകൊടുത്തത്. അവരാണ് വിട്ടയച്ചത്. സംസ്ഥാന പോലീസ് ഇതിലുള്ള പ്രതിഷേധം അറിയിച്ചതിനെത്തുടർന്ന് ആർ.പി.എഫ്.-ലെ ഉത്തരവാദപ്പെട്ടവരെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളുടെയും നിയമസമാധാനം കാത്തുസൂക്ഷിക്കേണ്ടത് കേരളാ പോലീസാണ്, അവരുടെ നിയന്ത്രണത്തിലാണ്. ആർ.പി.എഫ്. (റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്) എന്നു പറയുന്നത് റെയിൽവേയുടെ പ്രോപ്പർട്ടി കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. ബാക്കിയുള്ള എല്ലാ കേസുകളും കൈകാര്യം ചെയ്യുന്നത് കേരളാ പോലീസാണ്. ഇവർക്ക് പ്രതിയെ വിട്ടയയ്ക്കാൻ എങ്ങനെ ധൈര്യം വന്നു; ഏത് രൂപത്തിൽ ധൈര്യം വന്നു; എന്തുകൊണ്ട് ഇങ്ങനെ ഒരു സംഭവം ഉണ്ടാകുന്നു? കേരളത്തിൽ ഇപ്പോൾ നടക്കുന്ന ക്രിമിനൽ വാഴ്ചയുടെ ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പോലിസിനെ സംബന്ധിച്ചിടത്തോളം ആർക്കും ഒരു പേടിയുമില്ല. എന്തും ഇവിടെ സംഭവിക്കും. സൗമ്യയുടെ ദുരന്തമരണത്തിനുശേഷം പാഠം പഠിക്കാൻ നമ്മൾ തയ്യാറാകേണ്ടതായിരുന്നു. അതിനുശേഷം ഒരു രൂപത്തിലുള്ള ശക്തമായ നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. അതുകൊണ്ട് കേരളത്തിൽ ഇപ്പോൾ കുട്ടികൾക്കും വനിതകൾക്കുമെതിരായി നടക്കുന്ന ആക്രമണങ്ങളെ സംബ

ന്ധിച്ച് ചർച്ച ചെയ്യേണ്ടതാണ്. രാത്രി ഒന്നര മണിക്ക് കോഴിക്കോട് മീഞ്ചന്ത ആർട്സ് കോളേജിനടുത്തുള്ള വീട്ടമ്മ (സുന്ദരി 69 വയസ്സ്) കൊലചെയ്യപ്പെട്ട സംഭവമാണ് അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. എങ്ങനെയാണ് കള്ളന്മാർ ഇതിന്റെയുള്ളിൽ കടക്കുന്നത്? മുളമുറിച്ച് പ്രത്യേകം ഗോവണി ഉണ്ടാക്കി മേൽക്കൂരയിൽ കടന്നശേഷം ഓടുപൊളിച്ച് പ്ലാസ്റ്റിക് കയറിൽ തൂങ്ങി വീട്ടിനുള്ളിൽ കടന്നു. എന്നിട്ട് ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടാണ് കൊല നടത്തുന്നത്. എന്തൊരു സൗകര്യമാണ് പോലീസ് ചെയ്തുകൊടുക്കുന്നത്. ഇവിടത്തെ കന്റോൺമെന്റ് പോലീസ് സ്റ്റേഷന്റെ മുന്നിൽ വച്ച് നടന്ന കളവുമായി ബന്ധപ്പെട്ട്, അതിന് നേതൃത്വം കൊടുത്ത പോലീസുകാരെ മാറ്റുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ലല്ലോ? ഭരണകക്ഷിയിൽ നിന്നുള്ള ഒരു എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസ് സ്റ്റേഷന്റെ മുന്നിൽ വച്ചല്ലേ നൂറ് കിലോ സ്വർണ്ണം കളവുപോയത്? അതുമായി ബന്ധപ്പെട്ടുകൊണ്ട് നിങ്ങളുടെ പോലീസിന് ഒരു പ്രതിയെയെങ്കിലും പിടിക്കാൻ കഴിഞ്ഞോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്യ സംസ്ഥാനത്തെ ആളുകളാണെന്ന് നേരത്തേ നമ്മൾ ചോദ്യോത്തരത്തിൽ പറഞ്ഞതാണ്. ആളിനെ പിടിച്ചു , കസ്റ്റഡിയിലുണ്ട്..........(ബഹളം)...........അവിടെയാണ്......

ശ്രീ. രാജു എബ്രഹാം: അന്യ സംസ്ഥാനത്തെ ആളല്ല. മധുകുമാർ എന്നു പറയുന്ന.......

ശ്രീ. എ. കെ. ബാലൻ: സർ, മധുകുമാറിന്റെ ചരിത്രമൊന്നും ഞാൻ പറയുന്നില്ല. അതുമായി ബന്ധപ്പെട്ടുകൊണ്ട് മധുകുമാറിനെ പിടിച്ചതും മധുകുമാറിനുവേണ്ടി ഏത് കോൺഗ്രസ്സുകാരാണ് ഇടപെട്ടത് എന്നതിനെ സംബന്ധിച്ചൊന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. കേരളം എന്നുപറയുന്ന 'ഗോഡ്സ് ഓൺ കൺട്രി' പരിപൂർണ്ണമായും ചെകുത്താൻമാരുടെ, പ്രേതത്തിന്റെ നാടാകാൻ പോകുകയാണ്. ഇത് ഒരു രൂപ

ത്തിലും നമുക്ക് അംഗീകരിക്കാൻ പറ്റില്ല. അതുകൊണ്ട് കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. അതിനുപകരം ക്രിമനലുകളായ പോലീസുകാരെ സംരക്ഷിക്കുന്നതിനോട് ഒരു രൂപത്തിലും ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ബാലനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തര പ്രമേയത്തിലൂടെ സഭയിൽ ഉന്നയിക്കപ്പെട്ടത് കേരളത്തിലെ നിരപരാധിയായ ഒരു സ്ത്രീയെ അർദ്ധരാത്രി വെട്ടിക്കൊന്നു എന്നുള്ളതാണ്. ഈ സംഭവത്തെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി സമീപിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. കഴിഞ്ഞ യു.ഡി.എഫ്.- എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള കണക്കുകൾ നിരത്തിയാണ് ഇപ്പോൾ ക്രിമിനൽ പുള്ളികളെ നിങ്ങൾ സഹായിക്കുന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്തേക്കാൾ ക്രിമിനലുകൾ ഇപ്പോൾ കൂടുതലല്ല എന്നുപറയാനുള്ള ഒരു ശ്രമം രാജ്യം ഭരിക്കുന്ന ഭരണാധികാരികൾക്ക് പറ്റിയതാണോ? എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും സ്ത്രീയെ വെട്ടിക്കൊന്നതാണ് അടിയന്തരപ്രമേയം. നിയമസഭയുടെ ചരിത്രത്തിൽതന്നെ ഒരു സ്ത്രീയെ വെട്ടിക്കൊന്ന സംഭവം അടിയന്തരപ്രമേയമായി വരുന്നത് നിയമസഭയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. അങ്ങാണ് ഇവിടത്തെ ആഭ്യന്തരമന്ത്രി എന്നുള്ളതുകൊണ്ട് അങ്ങേയ്ക്ക് അതിൽ അഭിമാനിക്കാം. ഇത് തീർച്ചയായും അപലപിക്കേണ്ടതാണ്. മറ്റുകാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ശ്രീ. പാലോട് രവിയെപ്പോലുള്ള ആളുകൾക്ക് അറിയുന്ന കാര്യങ്ങൾ ഉണ്ട്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. കന്യാകുളങ്ങരയിൽ പട്ടാപ്പകൽ ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്ത് കൊന്നില്ലേ? എത്ര ബലാൽസംഗങ്ങൾ, എത്ര തട്ടിക്കൊണ്ടുപോക്ക്, ബഹുമാനപ്പെട്ട വി.എസ്. ശിവകുമാർ നമ്മുടെ നഗരമാണിത്. നടന്നുപോകുന്ന പെൺകുട്ടികളെ തോളിലെടുത്തിട്ട് കൊണ്ടുപോകുകയാണ്. കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി മറുപടി പറയുന്നു. തിരുവനന്തപുരത്തുകാരായ ഞങ്ങൾക്ക് അതീവ ദുഃഖമുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ത്രീപീഡനങ്ങളും ബലാൽസംഗങ്ങളും തട്ടിക്കൊണ്ടുപോക്കും നടക്കുന്നത് ഈ നഗരത്തിലാണ്. ഈ നഗരത്തിലാണ് മുഖ്യമന്ത്രി, പോലീസ് ഉദ്യോഗസ്ഥരും ഇവിടെയാണ്, ഭരണസിരാകേന്ദ്രവും ഇവിടെയാണ്. തിരുവനന്തപുരം നഗരത്തിൽ ക്രമസമാധാനത്തിന്റെ സ്ഥിതിയെന്താണ്?

നിങ്ങൾ എന്ത് ആർഗ്യുമെന്റ് പറഞ്ഞാലും, എന്തൊക്കെ നിങ്ങൾ കഴിഞ്ഞ കാലത്തെ ഗവണമെന്റിനെക്കുറിച്ച് കുറ്റപത്രങ്ങൾ നിരത്തിയാലും,അവ സാനം ഒരു സ്ത്രീയെ വെട്ടിക്കൊന്ന സ്ഥിതി വരെയെത്തി. സ്ത്രീത്വത്തെ നമ്മൾ ബഹുമാനിക്കണ്ടേ? എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും, ആരു ഭരിച്ചാലും സ്ത്രീകളെ ബഹുമാനിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ ഇടപെടേണ്ടി വന്ന കേസ്സുണ്ട്. മുഖ്യമന്ത്രിക്ക് ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിൽവച്ച് അപമാനിക്കപ്പെട്ട പ്ലാനിംഗ് ബോർഡിലെ ഒരു ഉദ്യോഗസ്ഥയെ ട്രെയിനിൽ യാത്ര ചെയ്യാതെ ജോലി ചെയ്യാൻവേണ്ടി സ്ഥലം മാറ്റി കൊടുത്തു. അവർ ഒരു സാധാരണ സ്ത്രീയല്ല എഴുത്തുകാരിയാണ്. പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥയാണ്. ഇത്തരം സംഭവങ്ങൾ വീണ്ടും ട്രെയിനിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്ക് ബസ്സിൽ സഞ്ചരിക്കുവാനോ, റോഡിൽക്കൂടി നടക്കാനോ നിവൃത്തിയില്ല. സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യം വേണ്ടേ? ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമ്പോൾ, അതിന് അടിയന്തര പ്രമേയം കൊണ്ടു വരുമ്പോൾ, അടിയന്തര പ്രമേയത്തിന് എന്തെങ്കിലും മറുപടി പറഞ്ഞതുകൊണ്ടുമാത്രം ഇത് അവസാനിക്കുന്നില്ല. ഗൗരവമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം. ഞങ്ങളെ നിങ്ങൾ മറന്നേയ്ക്കുക. ഞങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവന്നത് രാഷ്ട്രീയ വൈരാഗ്യം കൊണ്ടാണെന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക. പക്ഷേ കൊലപാതകങ്ങൾ, തട്ടിക്കൊണ്ടു പോകൽ, മാനഭംഗപ്പെടുത്തൽ ഇതെല്ലാം യാഥാർത്ഥ്യങ്ങളായി നിങ്ങളെ വേട്ടയാടുകയാണ്. അതുകൊണ്ട് ഇത് അവസാനിപ്പിക്കണം. ഇതുപോലൊരു സംഭവം സഭ നിറുത്തിവെച്ച് ചർച്ച ചെയ്യാതെ ഈ സഭയിൽ വേറെ എന്താണ് ചർച്ച ചെയ്യാനുള്ളത്. പച്ചയായ മനുഷ്യനെ വെട്ടിക്കൊന്നാൽ ജനപ്രതിനിധി സഭയിൽ ചർച്ച ചെയ്യേണ്ട എന്ന് തീരുമാനിക്കുന്ന നിങ്ങളുടെ പിടിവാശി ദുർവാശിയാണ്. ഇത് ചർച്ച ചെയ്താൽ എന്താണ് കുഴപ്പം? വെട്ടിക്കൊന്നത് നിങ്ങളാണെന്ന് ഞങ്ങൾ പറഞ്ഞില്ല. വെട്ടിക്കൊന്ന സംഭവം പൈശാ

ചികമായ സംഭവമാണ് അത് ചർച്ച ചെയ്യാൻ ണമെന്ന് ആവശ്യപ്പെടുമ്പോൾ, ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തു പോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, കേരളത്തിലെ സ്ത്രീകൾക്ക് നേരെ നടന്നു വരുന്ന അക്രമങ്ങളിലെ ഏറ്റവും അവസാനത്തെ സംഭവമാണ് ഇന്നലെ കോഴിക്കോട്ട് സുന്ദരി എന്ന സ്ത്രീയെ രാത്രി വെട്ടിക്കൊലപ്പെടുത്തിയത്. കേരളത്തിലെ സ്ത്രീ സമൂഹത്തിന് സുരക്ഷിതത്വ ബോധം നഷ്ടപ്പെടുന്നു എന്ന സാമൂഹിക യാഥാർത്ഥ്യത്തിനുനേര നാം കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമില്ല. നിരവധി സംഭവങ്ങളാണ് ഈ ദിവസങ്ങളിൽ പത്രങ്ങളിലൂടെ വാർത്താ മാധ്യങ്ങൾ പുറത്ത് കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽവച്ച കണക്കുകൾ പ്രകാരം കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ പതിനാറായിരത്തില ധികം കേസ്സുകൾ സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ആളുകൾ ഇപ്പോൾ ധൈര്യമായി പോലീസ് സ്റ്റേഷനിൽ വന്നു പരാതി പറയുന്നതുകൊണ്ടാണ് എണ്ണം കൂടിയത് എന്ന് പറഞ്ഞ് ന്യായം കണ്ടെത്തുകയല്ല വേണ്ടത്. ഈ പതിനാറായിരം എന്ന എണ്ണം പോലും നമുക്ക് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. നമ്മെ എല്ലാം അപമാനപ്പെടുത്തുന്ന കണക്കുകളാണ്. അർദ്ധരാത്രിയിൽ സുരക്ഷിതത്വബോധത്തോടുകൂടി കിടന്ന് ഉറങ്ങാൻ സ്ത്രീകൾക്ക് കഴി യാത്ത ഒരു സാഹചര്യം നമ്മുടെ നാട്ടിൽ സംജാതമാകുന്നത് ഭരണ-പ്രതി പക്ഷ ഭേദമന്യേ എല്ലാവരും അപലപിക്കേണ്ടുന്ന ഒരു തിന്മയാണ്. അത്തര ത്തിൽ അതിനെ അപലപിക്കാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ അങ്ങേയറ്റം പ്രതിഷേധമുണ്ട്. ഞാനും എന്റെ കക്ഷിയിൽപ്പെട്ടഅംഗ ങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു റ്റി. തോമസും അദ്ദഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭ വിട്ട് പുറത്തു പോയി.)

ശ്രീ. എ. എ. അസീസ് : സർ, സംസ്ഥാനത്ത് പെൺകുട്ടികൾക്കെതിരെ തുടർച്ചയായി പീഡനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സ്ത്രീകൾക്ക് ട്രെയിനിൽ സ്വൈര്യമായി യാത്ര ചെയ്യാൻ കഴിയുന്നില്ല, ബസ്സിൽ യാത്ര ചെയ്യാൻ കഴിയുന്നില്ല, സ്ക്കൂളുകളിൽ പോകുന്ന കുട്ടികൾക്ക് അദ്ധ്യാപകന്മാരിൽ നിന്നു തന്നെ പീഡനങ്ങൾ ഉണ്ടാകുന്നു, വനിതാ പോലീസുകാരെ പുരുഷ പോലീസുകാർ പീഡിപ്പിക്കുന്നു. ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. ഇക്കാര്യങ്ങളെല്ലാം വളരെ വിശദമായി ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. ഈ അടിയന്തര പ്രമേയം സഭ നിറുത്തി വച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ.എ.അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, നമ്മുടെ നാട്ടിലെ സ്ത്രീകൾ അങ്ങേയറ്റം ഭയാശങ്കകളോടെ ജീവിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ചാണ് ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചത്. സ്ത്രീകൾക്ക് ഭയലേശമന്യേ ജീവിക്കാൻ ആവുന്നില്ല എന്ന സത്യം ഈ സഭ അംഗീകരിക്കേണ്ടതല്ലേ. ആ സത്യം അംഗീകരിച്ചുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം കണക്കുകൾ നിരത്തി ഒരു താരതമ്യപഠനത്തിലൂടെ താരതമ്യേന ഇവിടെ ഒന്നും സംഭവിക്കുന്നില്ല എന്ന് വരുത്തിതീർക്കാൻ ശ്രമിക്കുന്നത് ദൗർഭാഗ്യവശാൽ അക്രമകാരികൾക്കും അവർക്ക് കൂട്ടുനിൽക്കുന്ന പോലീസുകാർക്കും പച്ചക്കൊടി കാണിക്കുന്നതിന് തുല്യമായ ക്രൂരമായ നടപടിയായിപ്പോയി. അങ്ങനെ ഒരു നിലപാട് സ്വീകരിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്, ഈ ഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനകാര്യത്തിൽ, അതിക്രമകാര്യത്തിൽ, കൊലപാതക കാര്യത്തിൽ പ്രതികളോടൊപ്പമാണ്, കൊലയാളികളോടൊപ്പമാണ്, അവരെ അപമാനിക്കുന്ന ജനവിഭാഗത്തോടൊപ്പമാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അങ്ങനെ ഒരു തെറ്റായ നിലപാട് സ്വീകരിച്ച ഈ ഗവൺമെന്റിന്റെ ക്രൂരതയോട് പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തു പോയി.)

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *